"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് ഒന്നാം വാർഡിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പ്ലൈവുഡ് കമ്പനിക്കെതിരെയുള്ള ഭരണസമിതി തീരുമാനം - കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും 191(2) വകുപ്പ് പ്രകാരമുള്ള റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി കേരള പഞ്ചായത്ത് രാജ് ആറ്റ് വകുപ്പ് 271 ജെ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാന് റഫർ ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ എം) വകുപ്പ്**

സ.ഉ.(സാധാ) നം.715/2024/LSGD തീയതി,തിരുവനന്തപുരം, 30-03-2024

---

പരാമർശം:-

1. പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 18/12/2023, 08/01/2024 തീയതികളിലെ 13(1), 6(1) നമ്പർ ഭരണ സമിതി തീരുമാനങ്ങൾ.
2. പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 09/01/2024 തീയതിയിലെ SC1-1724/23 നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ പോത്താനിക്കാട് ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പ്ലൈവുഡ് കമ്പനിക്കെതിരെ പഞ്ചായത്ത് കൈക്കൊണ്ട തീരുമാനം നിയമാനുസൃതമല്ലാത്തതിനാൽ 2003-ലെ കേരള പഞ്ചായത്ത് രാജ് (നിയമാനുസൃതമല്ലാത്ത പ്രമേയങ്ങളിൽ സ്വീകരിക്കേണ്ട നടപടിക്രമം) ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കുന്നതിനും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 191-ാം വകുപ്പ് പ്രകാരം പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും പരാമർശം (2) പ്രകാരം പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിച്ചിട്ടുണ്ട്.

2) പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് കമ്മിറ്റി എടുത്ത 18/12/2023, 08/01/2024 തീയതികളിലെ കമ്മിറ്റി തീരുമാനങ്ങൾ നിയമാനുസൃതമല്ല എന്ന് പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 191-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം പ്രമേയം നടപ്പാക്കുന്നത് തൽക്കാലത്തേയ്ക്ക് നിറുത്തിവയ്ക്കുന്നതിനും (2)-ാം ഉപവകുപ്പ് പ്രകാരമുള്ള നടപടിക്രമം പൂർത്തിയാക്കി അവസാന തീർപ്പാകുന്നതുവരെ തീരുമാനം നടപ്പാക്കുന്നത് മാറ്റിവയ്ക്കുന്നതിനും 20/02/2024-ൽ പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

3) പരാമർശം (2)-ലെ കത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം പരിശോധിച്ചു. പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 18/12/2023, 08/01/2024 തീയതികളിലെ 13(1), 6(1) നമ്പർ ഭരണ സമിതി തീരുമാനങ്ങൾ പ്രഥമദൃഷ്ട്യാ നിയമവിരുദ്ധമാണെന്ന് കാണുന്നു. ആയതിനാൽ, ഈ വിഷയം, കേരള പഞ്ചായത്ത് രാജ് നിയമം 191 (2) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാന്

റഫർ ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെലീന.എ
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ, സാഫല്യം കോംപ്ലക്സ്, പാളയം, തിരുവനന്തപുരം.
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്.
പ്രസിഡന്റ്, പോത്താനിക്കാട് ഗ്രാമപഞ്ചായത്ത്, എറണാകുളം ജില്ല.
സെക്രട്ടറി, പോത്താനിക്കാട് ഗ്രാമപഞ്ചായത്ത്, എറണാകുളം ജില്ല.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ [LSGD-EM1/22/2024-LSGD]

ഉത്തരവിൻ പ്രകാരം

Signed by
Vijayakumar.d
സെക്ഷൻ ഓഫീസർ
Date: 30-03-2024 16:58:35

പകർപ്പ് :- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.